ഇടുക്കി	...	34
മലപ്പുറം	...	51
പാലക്കാട്	...	55
വയനാട്	...	27
കോഴിക്കോട്	...	42
കണ്ണൂർ	...	34
കാസർഗോഡ്	...	29
ആകെ		654

(ഡി) 2007-ൽ സംസ്ഥാനത്ത് റേഷൻകടകളുടെ ശരാശരി വിറ്റുവരവ് 1930/36 ആണ്.

(ഇ) നിലവിൽ സംസ്ഥാനത്ത് റേഷൻകടകളുടെ പ്രതിദിന ശരാശരി വിറ്റുവരവ് 2528/28 ആണ്.

(എഫ്) കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് ക്രമക്കേടുകളുടെ പേരിൽ 498 റേഷൻകടകളുടെ ലൈസൻസ് റദ്ദുചെയ്തു.

(ജി) റദ്ദുചെയ്തവയിൽ 260 എണ്ണം കഴിഞ്ഞ 5 വർഷങ്ങളിൽ പുന:സ്ഥാപിച്ചു നൽകിയിട്ടുണ്ട്.

കാഞ്ഞിക്കാവിൽ പുതിയ റേഷൻകട ആരംഭിക്കാൻ നടപടി

131 (145) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി പഞ്ചായത്തിൽ കാഞ്ഞിക്കാവ് എന്ന സ്ഥലത്ത് പുതുതായി റേഷൻകട ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കാഞ്ഞിക്കാവ-തുരുത്തിയാട് നിവാസികൾ നല്കിയ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സിവിൽ സപ്ലൈസ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. (അതിന്മേൽ) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 13-9-2010-ന് ഡയറക്ടർ താലൂക്ക് സപ്ലൈ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly